നിർമ്മലം
MGU

# നിർമ്മലമാകട്ടെ...



പ്രിയമുള്ളവരെ,

മരങ്ങളുടെ, ഇലച്ചാർത്തുകളുടെ ഹരിതാഭ... കിളിയൊച്ചകൾ ദലമർമ്മരങ്ങൾ... സുന്ദരം എന്ന സാമാന്യവത്കരണത്തിനപ്പുറം നമ്മുടെ കാമ്പസിനെ വേറിട്ടതാക്കുന്ന ഘടകങ്ങൾ നിരവധിയാണ്. കാത്തുവച്ച് കാലത്തിന്റെ കരങ്ങളിൽ തിരികെ ഏൽപിക്കാൻ ഏറെയുണ്ട് നമ്മുടെ പക്കൽ. മനുഷ്യ സ്നേഹത്തിന്റേയും പ്രകൃതി സ്നേഹത്തിന്റേയും അപൂർവ്വ സങ്കലനമായിരുന്ന മഹാത്മാവിനോട് ചേർന്ന് നിൽക്കുന്ന നമ്മുടെ ഉത്തരവാദിത്വങ്ങൾ വളരെയാണ്. പ്രിയദർശിനി ക്കുന്നിന്റെ ഹരിത താളത്തെ ഹൃദയപൂർവ്വം ഏറ്റെടുത്ത് നിർമ്മലം-MGU എന്ന പേരിൽ അവതരിപ്പിക്കുന്ന പുതിയ ചുവടുവയ്പുകളെ എല്ലാവരും പിന്തുണയ്ക്കണം. അടുപ്പം കൂടുമ്പോൾ അറിയാതെ സംഭവിക്കുന്ന അകൽച്ചപോലും നമുക്കും ഇവിടുത്തെ പ്രകൃതിക്കുമിടയിൽ സംഭവിക്കരുത് എന്ന ചിന്തയിൽ നിന്നാണ് നിർമ്മലം-MGU തുടങ്ങുന്നത്.

കാമ്പസിലെ ഏറ്റവും ജീവസുറ്റ ഇടങ്ങളെ പാദസ്പർശം കൊണ്ടുപോലും വേദനിപ്പിക്കരുത് എന്ന ചിന്തയിലാണ് തുടക്കം മുതൽ നമ്മുടെ ഹരിത സ്വപ്നങ്ങൾ വേരുറപ്പിച്ചത്. പക്ഷെ നമ്മുടേതുമാത്രമായ ഇടങ്ങളിൽ സംഭവിച്ച ചെറുതല്ലാത്ത പരിക്കുകൾക്ക് പരിഹാരം തേടുന്നതിനുള്ള ശ്രമങ്ങൾ പൂർണ്ണതയിലെത്തിയിട്ടില്ല. കൂടുതൽ കരുത്തോടെ, കരുതലോടെ അത്തരം ശ്രമങ്ങൾ നമ്മൾ തുടരുകയാണ്. നമ്മുടെ കാമ്പസ് ജീവിതം അവശേഷിപ്പിക്കുന്ന, പ്രത്യക്ഷത്തിൽ നമുക്ക് ആവശ്യമില്ലാത്ത എല്ലാ വസ്തുക്കളുടേയും പുനരുപയോഗ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുക എന്നതാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. ഉപേക്ഷിക്കുന്ന എല്ലാ വസ്തുക്കളുടേയും കാര്യക്ഷമമായ തരംതിരിക്കലിന് എല്ലാവരും മുൻകൈയ്യെടുക്കണം.

ഇതിനോടകം തന്നെ നമ്മൾ എറെ ദൂരം പിന്നിട്ട ഈ യാത്രയിൽ കൂടുതൽ ശ്രദ്ധയോടെ ഏവരും അണിനിരക്കുക. സർക്കാർ തലത്തിൽ തന്നെ സംസ്ഥാനത്താകെ നടപ്പിലാക്കിവരുന്ന ഹരിത പെരുമാറ്റച്ചട്ടങ്ങളിലൂന്നിയ പുതിയ ശീലങ്ങളെ നിങ്ങളോരോരുത്തരും സ്വന്തമാക്കണം. ഭരണ വിഭാഗത്തിൽ തുടക്കം കുറിക്കുന്ന നിർമ്മലം - MGU ഒട്ടും വൈകാതെ മുഴുവൻ കാമ്പസിന്റേതുമാകട്ടെ. പച്ചയുടെ, വൃത്തിയുടെ, പുതിയ തീരങ്ങളിലേയ്ക്ക് നമ്മെ നയിക്കാൻപോന്ന ഈ ഉദ്യമം ലക്ഷ്യം കാണാൻ വലിയ സാമ്പത്തിക ബാദ്ധ്യതയുള്ള ഒരു പദ്ധതിയും നമ്മൾ ഏറ്റെടുക്കേണ്ടതില്ല. മറിച്ച്, ഈ നല്ല ലക്ഷ്യത്തിലേയ്ക്കുള്ള യാത്രയിൽ നമ്മൾ നടത്തേണ്ടത് തരംതിരിക്കൽ, പുനരുപയോഗിക്കൽ എന്നിവയൊക്കെ സാദ്ധ്യമാക്കുന്ന ചില നല്ല ശീലങ്ങളുടെ നിക്ഷേപം മാത്രമാണ്.



ശുഭ പ്രതീക്ഷയോടെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

നിർമ്മലമാകട്ടെ നമ്മുടെ കാമ്പസ്
വിജയാശംസകളോടെ,

**ഡോ. സാബു തോമസ്**
(വൈസ് ചാൻസലർ)